ലക്കം 8

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?

''അപ്പൊല്ലൊസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലോസ് ഉൾപ്രദേശങ്ങളിലൂടെ സഞ്ചരിച്ച് എഫെസോസിൽ എത്തി ചില ശിഷ്യന്മാരെ കണ്ടു. നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ'' എന്ന് അവരോട് ചോദിച്ചു (അപ്പൊ.19:1,2)

എഫെസോസിലുണ്ടായിരുന്ന ശിഷ്യന്മാർ മാനസാന്തരത്തിൽ വിശ്വസിച്ചിരുന്നെങ്കിലും യേശുക്രിസ്തുവിലൂടെയുള്ള രക്ഷയുടെ പൂർണ്ണമായ ദൈവീകപദ്ധതിയെക്കുറിച്ചറിവുള്ളവരായിരുന്നില്ല സുവിശേഷം കേട്ടമാത്രയിൽ അവർ സ്നാനമേൽക്കുകയായിരുന്നു. എന്നാൽ പൗലോസ് അവരുടെ മേൽ കൈവച്ച് പ്രാർത്ഥിച്ചപ്പോൾ അവർ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവർ ആയിരുന്നു.

ഇന്നനേകർ, പാപമോചനത്തിനായി പ്രാർത്ഥിച്ച് യേശുവിനെ അവരുടെ സ്വന്തരക്ഷകനായി സ്വീകരിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ ആത്മീയ ജീവിതത്തിന്റെ വിശുദ്ധിയും വിജയകരമായ ക്രിസ്തീയജീവിതവും പ്രാപിച്ചിട്ടില്ല. അങ്ങനെയുള്ളവർ ആഴമേറിയതും അനുഗ്രഹിക്കപ്പെട്ടതുമായ ആത്മീയസമൃദ്ധിയെയാണ് നഷ്ടപ്പെടുത്തുന്നത്. അനേകർ ഇന്ന് ദൈവത്തിന് വേണ്ടി നന്നായി ജീവിക്കുവാനാരംഭിച്ചിട്ട് കാലക്രമേണ പ്രലോഭനങ്ങളിലും പരിശോധനകളിലും ഇടറിവീണ്, ദൈവം അവരെ എവിടെ നിന്നും വിടുവിച്ചുകൊണ്ടുവന്നോ അതേ പിന്മാറ്റ അവസ്ഥയിൽ ആയിത്തീരുന്നു. എന്നാൽ അവർ പാപപങ്കിലമായ ജീവിതത്തിലേക്ക് പ്രത്യക്ഷമായി പോകുന്നില്ലെന്നേയുള്ളൂ. എന്നാൽ ആത്മീയമന്ദതയും മടുപ്പും ഉള്ളവരായി അവർ അവശേഷിക്കുന്നു.



**''ദൈവം പരിശുദ്ധാത്മാവിനെ ദാനമായി നിങ്ങൾക്ക് നൽകുവാൻ ആഗ്രഹിക്കുന്നു''.**

പെന്തെക്കോസ്തു നാളിന് മുമ്പ്, ക്രിസ്തുവിന്മേലുള്ള തന്റെ വിശ്വാസത്തെക്കുറിച്ച് പത്രോസ് വളരെ വാചാലനാകുമായിരുന്നു. ഗെദ്സെമന തോട്ടത്തിൽ വച്ച് യേശു പിടിക്കപ്പെടുമെന്ന സന്ദർഭം വന്നപ്പോൾ, തന്റെ വാൾ ഉപയോഗിച്ച് ഒരു സായുധപോരാട്ടത്തിന് പോലും പത്രോസ് ശ്രമിച്ചതാണ്. കർത്താവിനെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞതും ഇതേ പത്രോസാണ്. പരീക്ഷണങ്ങളുടെയും സമ്മർദ്ദങ്ങളുടെയും നടുവിൽ തനിക്ക് പിടിച്ചുനിൽക്കുവാനോ അവർക്കുമേൽ വിജയം കൈവരിക്കുവാനോ കഴിഞ്ഞില്ല. എന്നാൽ പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്ന ശേഷം പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെക്കുറിച്ച് താൻ പുതിയ ആത്മധൈര്യത്തോടെയും തികഞ്ഞ പ്രാഗത്ഭ്യത്തോടെയും ശക്തമായി പ്രസംഗിച്ചു. പരിശുദ്ധാത്മാവിന്റെ കൃപയിലും നമ്മെ പ്രാപ്തനാക്കുന്ന ആത്മശക്തിയിലും അവൻ നിറഞ്ഞിരുന്നു. പിന്നീടൊരിക്കലും അവൻ പഴയ മത്സ്യബന്ധന തൊഴിലിലേക്ക് മടങ്ങിപ്പോകാതെ വേർപെട്ട വിശുദ്ധ ജീവിതംനയിക്കുകയും ദൈവശുശ്രൂഷയിൽ മുന്നോട്ടു പോകുകയും ചെയ്തു.


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: പരിശുദ്ധാത്മ നിറവ് | ബൈബിൾ പഠന ഉപപാഠം: പരിശുദ്ധാത്മ നിറവ് | ചോദ്യവും ഉത്തരവും. ബലഹീനതകളും പരീക്ഷകളും പരിശുദ്ധാത്മാവ് നീക്കുമോ? | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് |
| പേജ് 3 | പേജ് 4 | പേജ് 5 | പേജ് 7 | പേജ് 8 |

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21, മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23, 1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17, റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21, യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14, 1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6, 1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28, വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27, യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5, യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18, റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15, ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29, 2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

സുവിശേഷത്തിന്റെ സുവാർത്ത എന്നത് വിശുദ്ധിയുടെയും ആത്മശക്തിയുടെയും ജീവിതം നയിക്കുവാൻ ദൈവം ദാനമായി നൽകുന്ന വരമാണ്. സ്വന്തശക്തിയാലോ ബലത്താലോ മനുഷ്യരാശിക്ക് സ്വയമായൊരു വിശുദ്ധജീവിതം സാധ്യമല്ല. കാൽവറി ക്രൂശിലെ യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത ബലിയിലൂടെയാണ് പാപമോചനം സാധ്യമാകുന്നത്. നാം മാനസാന്തരപ്പെടുമ്പോൾ യേശുവിലൂടെ ഒരു വിശുദ്ധപാത്രമായി നാം മാറ്റപ്പെടുന്നു. പാത്രം വിശുദ്ധീകരിക്കുന്നത് നാം നിർത്തിക്കളയരുത്. നാം പരിശുദ്ധാത്മ നിറവു പ്രാപിക്കുവാൻ വേണ്ടിയത്രെ യേശു വന്നത്. പരിശുദ്ധാത്മാവിനായി ആരെങ്കിലും ജാഗ്രതയോടെ ദൈവത്തെ അന്വേഷിക്കാതിരുന്നാൽ, സാത്താൻ അവിടെ കടന്നുകൂടി പിന്മാറ്റത്തിലേക്കും പിന്നീട് പാപപങ്കിലമായ ജീവിതത്തിലേക്കും കൊണ്ടുപോകുവാൻ ശ്രമിക്കും. പരിശുദ്ധാത്മ നിറവാണ് ഒരു പിന്മാറ്റക്കാരനെ യഥാസ്ഥാനപ്പെടുത്തി വിശുദ്ധജീവിതം നയിക്കുവാൻ സഹായിക്കുന്നത്.

ദൈവവചനമനുസരിച്ച്, ഒരു വ്യക്തിയെ വിശുദ്ധിയുടെയും അനുസരണത്തിന്റെ പൂർണ്ണതയിലേക്ക് എത്തിക്കുവാനാണ് യേശു വന്നത്. മാത്രമല്ല, പാപത്തെ നീക്കം ചെയ്യുവാനും പരിശുദ്ധാത്മാസ്നാനത്തിനും കൂടിയാണ് യേശുവന്നത്. രക്ഷയുടെ പൂർണ്ണമായ അനുഭവം അത്ഭുതകരമത്രെ. ദൈവത്തിനായി സമർപ്പിക്കപ്പെട്ട ഒരു ശുശ്രൂഷാ ജീവിതമാകുന്നു. പ്രതികൂലങ്ങളിൽ സമാധാനവും പ്രലോഭനങ്ങളുടെമേൽ ശക്തിയും പരിശോധകളിന്മേൽ വിജയവും ദുഃഖത്തിൽ ആശ്വാസവും പ്രായോഗികജീവിത പരിശീലനവുമാണിത്. ദിനം തോറുമുള്ള നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ഇത് ആത്മീയ അഗ്നിയും ശക്തിയും പ്രദാനം ചെയ്യുന്നു. ഇന്നത്തെ ക്രൈസ്തവരുടെ ഇടയിൽ പരിശുദ്ധാത്മ നിറവ് എന്നത് വളരെ പ്രാധാന്യമുള്ള ഒന്നത്രെ.ആത്മാവിൽ ശക്തിപ്രാപിച്ച് പാപം കൂടാതെയുള്ള ജീവിതം ക്രിസ്തുവിന്റെ മടങ്ങിവരവ് വരെ നയിക്കുക.

പൂർണ്ണതയുള്ള രക്ഷാപദ്ധതിയുടെ സമൃദ്ധമായ അനുഭവം നിങ്ങൾക്ക് ഉണ്ടോ? വിശ്വസിച്ചിട്ട് നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?

MWS

### ഗോസ്പൽ ട്രൂത്ത്

അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രുസിതുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.

വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

### വരിക്കാരനാകാൻ

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospeltruth.org എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.

### ബന്ധപ്പെടുക


ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ. കൊട്ടാരക്കര - 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309



# പത്രാധിപലേഖനം

‘‘എന്നിൽ വിശ്വസിക്കുന്നവനിൽ നിന്നും തിരുവെഴുത്ത് പറയുന്നപോലെ ജീവജല നദികൾ ഒഴുകും. ഇത് അവനിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള പരിശുദ്ധാത്മാവിനെ കുറിച്ചത്രേ യേശു പറഞ്ഞത് (അവൻ അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു’’ (യോഹന്നാൻ.7:38,39)

രക്ഷയുടെ പൂർത്തീകരണത്തിന്റെ അന്തസത്ത എന്നത് പരിശുദ്ധാത്മ നിറവിലുള്ള ജീവിതമാണ്. പരിശുദ്ധാത്മ സാന്നിദ്ധ്യത്തോടുകൂടിയുള്ള മാധുര്യമേറിയതും ശക്തിയാർജ്ജിച്ച ജീവിതമത്രെ പരിശുദ്ധാത്മ നിറവിലുള്ള ജീവിതം. പരിശുദ്ധാത്മാവിലുള്ള ജീവിതം എത്ര അത്ഭുതം നിറഞ്ഞതാണ് ഈ ഭൗമീകകൂടാരത്തിൽ നമുക്കുള്ളത്.

ഗോസ്പൽ ട്രൂത്തിന്റെ ഇത്തവണത്തെ എന്റെ പ്രതിപാദ്യവിഷയം ‘‘പരിശുദ്ധാത്മ നിറവിലുള്ള ജീവിതം’’ എന്നതാണ്. വളരെ ചുരുങ്ങിയ ഒരു സ്ഥലപരിധിക്കുള്ളിൽ ഇത്തരത്തിലുള്ള ബ്രഹത്തായ ഈ വിഷയം വിശദീകരിക്കുവാൻ പ്രയാസമാണ്. ക്രൈസ്തവരുടെ ഇടയിൽ, പരിശുദ്ധാത്മ നിറവിലുള്ള ജീവിതം വളരെ അത്യാന്താപേക്ഷിതമായ വിഷയങ്ങളിൽ ഒന്നാണ്. വിശുദ്ധന്മാരായി ജീവിക്കുന്നവരിൽ അനേകരിന്ന് ജഢീകവും ഇഹലോകപരമായ കാര്യങ്ങളിലും കുടുങ്ങി കിടക്കുന്നവരാണ്. ജനത്തിന്റെ വ്യക്തിപരമായ വിഷയങ്ങളിൽ മാത്രമല്ല പരിശുദ്ധാത്മാവ് ഫലപ്രദമായ പരിഹാരം നൽകുന്നത് അവരുടെ വിവാഹജീവിതത്തിലും സഭയിലും അവൻ പ്രവർത്തിക്കുന്നു.

പരിശുദ്ധാത്മാവ് എന്ന ദൈവദാനം വിവിധനിലകളിലാണ് പ്രവർത്തിക്കുന്നത്. പരിശുദ്ധാത്മനിറവ് , പരിശുദ്ധാത്മ സ്നാനം, വിശുദ്ധീകരണം മുതലായവ. എന്നാൽ ദുഃഖമെന്നു പറയട്ടെ. ഇത്തരത്തിലുള്ള ഉപദേശങ്ങളിൽ വളരെ ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നുണ്ട്. ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ഇത്യാദിഉപദേശങ്ങളെ അടിസ്ഥാനപ്പെടുത്തി പലവിധ ചേരിതിരിവുകളും അഭിപ്രായവ്യത്യാസങ്ങളും നിലനിൽക്കുന്നു. ഉപമകളും അലങ്കാര പദപ്രയോഗങ്ങളും നാം അമിതപ്രാധാന്യം നൽകി സ്വീകരിക്കാതെ ദൈവവചനമാകണം നമ്മുടെ ഉപദേശസംഹിതക്കടിസ്ഥാനം. വളരെ ലളിതവും എന്നാൽ കാര്യക്ഷമതയോടുകൂടി ഈ ഉപദേശം നാം ദൈവവചനാടിസ്ഥാനത്തിൽ ചിന്തിക്കേണ്ടത് അനിവാര്യം തന്നെ.

ശത്രുവായ പിശാച് നൽകുന്ന ചിന്തപോലെ ഇതൊരു സങ്കീർണ്ണവും ദുർഗ്രാഹ്യവുമായ വിഷയമൊന്നുമല്ല. ഒരു വ്യക്തിയുടെ ജീവിതം ശക്തിമത്താക്കിത്തീർക്കുന്ന പരിശുദ്ധാത്മാവിനെ കുറിച്ച് വളരെ ലളിതമായിതന്നെ യേശു വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയത്തെക്കുറിച്ച് ദൈവവചനം അനുശാസിക്കുന്നത് ഈ ആത്മാവ് ഒരു വിശ്വാസിക്കുമേൽ ശക്തി നൽകുവാനും ആശ്വാസം നൽകുവാനും നേർവഴി നയിക്കുവാനും സഹായകമാകുന്നു എന്നത്രെ. ദൈവത്തിന്റെ പരിശുദ്ധാത്മനിറവ് ഒരു വ്യക്തിയെ നീതീകരണത്തിലേക്ക് നയിക്കുന്നു എന്നാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. ആത്മനിറവും നീതീകരണവുമെന്ന രണ്ടു വ്യത്യസ്ത അനുഭവങ്ങൾ ഗ്രഹിക്കുന്ന കാര്യത്തിൽ അപകടകരമായ ഒരു പ്രശ്നമുള്ളത് രണ്ടു അനുഭവങ്ങളും ഒന്നാണെന്ന ധാരണ വരുന്നതുകൊണ്ടാണ്. മറ്റൊരു അപകടകരമായ വസ്തുത എന്നത് നീതീകരണം പ്രാപിച്ചശേഷം ആത്മനിറവിന്റെ പ്രാധാന്യത വേണ്ടത്ര നിലയിൽ ഗ്രഹിക്കാൻ കഴിയാതെ പോകുന്നു എന്നതത്രെ. ഈ രണ്ടു അനുഭവങ്ങളും ക്രിസ്തുവിന്റെ ത്യാഗമരണത്തിലൂടെയും ദൈവത്തിന്റെ പദ്ധതിയിലൂടെയുമാണ് സാധ്യമായിട്ടുള്ളത്.

ആത്മീയഅഗ്നിയുടെയും ആത്മശക്തിയുടെയും അഭാവത്തിൽ അനേകരിന്ന് ആയിത്തീർന്നിട്ടുണ്ട്. നമ്മെ ഉറപ്പിക്കുവാനും, പ്രാപ്തനാക്കുവാനും, ശക്തരാക്കുവാനും, ശുദ്ധീകരിക്കാനും പരിശുദ്ധാത്മാവിനാൽ പകരപ്പെടുന്ന അത്യന്തശക്തിയെകുറിച്ചെനിക്ക് വ്യക്തിപരമായിതന്നെ സാക്ഷ്യം പറയുവാൻ കഴിയും. നിങ്ങൾ ഇതുവരേയും പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടില്ലാ എങ്കിൽ ശക്തിയോടുകൂടി വ്യാപരിക്കുന്ന ആത്മശക്തിയുടെ പൂർണ്ണതക്കു വേണ്ടി, മറ്റൊരാളുമായി ചേർന്നു ദൈവത്തോടു പ്രാർത്ഥിച്ചാലും.

**മൈക്കിൾ ഡബ്ല്യു സ്മിത്ത്.**

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠനസഹായി

വിഷയം: **പരിശുദ്ധാത്മനിറവ്**

**വായനഭാഗം:**

"പെന്തക്കോസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചുകൂടിയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീട് മുഴുവനുംനിറച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി, അവരിൽ ഓരോരുത്തരുടെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി (അപ്പൊ. 2: 1- 4 a).

**രത്നചുരുക്കം:** ജനത്തിന്റെ പാപപരിഹാരത്തിനായി യേശു ക്രൂശിൽ മരിക്കയും, പരിശുദ്ധാത്മാവ് നിറവെന്ന വ്യക്തിപരമായ അനുഭവം ദാനം ചെയ്യുകയും ചെയ്തു. ദൈവീകശക്തി, നേതൃത്വം, ആശ്വാസം എന്നിവയിലൂടെ പരിശുദ്ധാത്മാവ് ഒരു വിശ്വാസിയെ വിശുദ്ധജീവിതത്തിനായി ഒരുക്കിയെടുക്കുന്നു.

## I. പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്ന പ്രവചനം

A. യോവേൽ 2:28,29 - ദൈവം തന്റെ ആത്മാവിനെ പകരുന്നു.

B. യെഹസ്ക്കേൽ 36:26,27 - ദൈവം തന്റെ ആത്മാവിനെ നമ്മിൽ ആക്കിവക്കുന്നു.

## II. പരിശുദ്ധാത്മാവിനെ വാഗ്ദത്തം ചെയ്തിരിക്കുന്നു.

A. മത്തായി. 3:11- യേശുവിന്റെ സ്നാനത്തോടുള്ള ബന്ധത്തിൽ.

B. യോഹ.14:16 - ദൈവം നല്കും.

C. ലൂക്കോ. 24:49-യേശു അയയ്ക്കും.

D. അപ്പൊ.പ്രവൃത്തി. 1:4-5 - വാഗ്ദത്തത്തിനായുള്ള കാത്തിരുപ്പ്.

## III. പരിശുദ്ധാത്മാവിന്റെ ആലയം

A. അപ്പൊ. 7:44-49 - പഴയനിയമ കൂടാരം/ ആലയം

B. 1 കൊരി.3:16-17 - നിങ്ങൾ ദൈവത്തിന്റെ മന്ദിരമാകുന്നു.

## IV. പരിശുദ്ധാത്മാവ് സകലജഡത്തിനുമുള്ള ദാനമാകുന്നു.

A. അപ്പൊ. 2:38,39 - നിങ്ങളും നിങ്ങളുടെ മക്കളും.

B. അപ്പൊ.10:45 - യഹൂദർക്കും ജാതികൾക്കും.

## V. പരിശുദ്ധാത്മ സ്നാനത്തിനായുള്ള വ്യവസ്ഥകൾ.

A. അപ്പൊ. 2:38 - മാനസാന്തരം

B. അപ്പൊ. 19:2 - വിശ്വാസം

C. അപ്പൊ. 5:32 - അനുസരണം

D. റോമർ. 12:1-2 - വേർപാട്

## VI. നീതീകരിക്കപ്പെട്ടവർക്കുമാത്രമാണ് പരിശുദ്ധാത്മാവ് നൽകപ്പെടുന്നത്.

A. അപ്പൊ. 8:5,6, 12-17-ശമര്യയിലെ സഭ

B. അപ്പൊ.9:17 - അപ്പൊസ്തലനായ പൗലോസ്

C. അപ്പൊ. 10:1-2, 44-47 - കൊർന്നൊല്ലിയോസിന്റെ ഭവനം.

D. അപ്പൊ.19:1-7 - എഫെസോസിലെ ശിഷ്യന്മാർ.

## VII. പരിശുദ്ധാത്മാവിന്റെ ദൗത്യം

A. അപ്പൊ. 1:8 - ശക്തിപകരുക, പ്രാപ്തരാക്കുക.

B. റോമർ 15:16- ശുദ്ധീകരിക്കുക.

C. അപ്പൊ. 15:8-9-വിശുദ്ധീകരിക്കുക.

D. യോഹ. 14:26 - ആശ്വസിപ്പിക്കുക, പഠിപ്പിക്കുക

E. യോഹ. 16:13 - വഴി നടത്തുക.

F. എഫെസ്യർ 1:13 - മുദ്രയിടുക.

G. 2 കൊരി. 3:6 - ജീവൻ നൽകുന്നു.

H. 1 കൊരി.12:4-11 -ആത്മീയവരങ്ങൾ

I. റോമർ 5:5 - ഹൃദയങ്ങളിൽ സ്നേഹം നിറക്കുന്നു.

J. എബ്രായർ 2:11-ഐക്യത നല്കുന്നു.

## VIII. പരിശുദ്ധാത്മാവിന്റെ തെളിവുകൾ

A. റോമർ. 8:16 - ആത്മാവ് തന്നെ.

B. ഗലാത്യർ 5:22-25 ആത്മാവിന്റെ ഫലം

C. റോമർ. 14:17 - ദൈവരാജ്യം

### ഉപസംഹാരം

മകൻ അപ്പം ചോദിച്ചാൽ നിങ്ങളിൽ ആരെങ്കിലും അവന് കല്ലു കൊടുക്കുമോ? അല്ലെങ്കിൽ മകൻ മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? ദോഷികളും പാപികളുമായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ലദാനങ്ങളെ കൊടുക്കുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ്, തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികം കൊടുക്കും? (ലൂക്കോസ് 11:11-13).

### പരിശുദ്ധാത്മാവിനുവേണ്ടി



### എപ്പോൾ അന്വേഷിക്കണം

അനേകം ക്രിസ്ത്യാനികളും പരിശുദ്ധാത്മ നിറവിനായി അന്വേഷിക്കുന്നതിന് വളരെ താമസിച്ചുപോകാറുണ്ട്. മിക്കപ്പോഴും അവർ വളരെയധികം കാലം കാത്തിരുന്നിട്ട് ഒടുവിൽ രക്ഷ നഷ്ടപ്പെടുത്തികൊണ്ട് ബലഹീനരായി തീരാറുണ്ട്.

മാനസാന്തരത്തിനുശേഷം എത്രനാൾ പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരിക്കേണമെന്ന് വേദപുസ്തകം പറയുന്നില്ല. എന്നാൽ നൽകപ്പെട്ടിട്ടുള്ള ചില ഉദാഹരണങ്ങൾക്കനുസരിച്ച് ഒരു പുതിയ വിശ്വാസിക്ക് ഉടനെ തന്നെ പരിശുദ്ധാത്മാവിനായി യാചിക്കാവുന്നതാണ്.

ഈ ലോകത്തെ അഭിമുഖീകരിക്കുവാൻ തന്റെ ശിഷ്യന്മാർ പ്രാപ്തരല്ലാതായിത്തീരുവാൻ യേശു ആഗ്രഹിച്ചില്ല. അതുകൊണ്ട് താൻ ഇപ്രകാരം അരുളിചെയ്തു. "ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നിങ്ങൾ യെരുശലേമിൽ തന്നെ പാർപ്പീൻ" എന്നു പറഞ്ഞു.(ലൂക്കോ.24:49). മാനസാന്തരപ്പെട്ട്, ചില ദിവസങ്ങൾക്കുള്ളിൽ തന്നെ പൗലോസ്, പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ശമര്യയിൽ ചിലർ യേശുവിനെ സ്വീകരിച്ച ഉടൻ തന്നെ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സന്ദേശവുമായി ഒരാളെ അവിടേയ്ക്ക് അയയ്ക്കുകയുണ്ടായി.

താമസം നേരിട്ടാൽ അത് വലിയ അപകടമാകും. ഒരു വ്യക്തി രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ ഉടൻ തന്നെ പരിശുദ്ധാത്മനിറവ് അനിവാര്യമെന്ന് തിരിച്ചറിയുക.

# പരിശുദ്ധാത്മ നിറവ്
## (ബൈബിൾ പഠനഉപപാഠം)

### പരിശുദ്ധാത്മാവ് നല്കപ്പെടുന്നു

പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി (അപ്പൊ.പ്ര.2:1-4) 120 വിശ്വാസികളുടെ ഹൃദയങ്ങളിൽ വന്നു. ഇവർ യേശുക്രിസ്തുവിൽ നിറവേറ്റപ്പെട്ട ദൈവീക പദ്ധതിയുടെ പൂർണ്ണത അനുഭവിച്ച പുതിയ നിയമസഭയുടെ ആദ്യത്തെ വിശ്വാസികൾ ആണ്. പാപത്തിന്റെയും ആത്മീയ അധഃപധനത്തിന്റെയും കാലത്ത് മതാനുഷ്ഠാനപ്രകാരം ഉണ്ടായിരുന്ന ആചാരപരമായ ആരാധനയിൽ നിന്ന് യേശുക്രിസ്തു ഭൂമിയിൽ രക്ഷ കൊണ്ടുവന്നതിനാൽ മാനവരാശിക്ക് യേശുവിന്റെ പ്രായശ്ചിത്ത രക്തത്താലും പരിശുദ്ധാത്മാവിനാലും ജയത്തിന്റെയും വിശുദ്ധിയുടെയും ജീവിതം സാദ്ധ്യമാക്കി.

### പിതാവിന്റെ വാഗ്ദാനം

പെന്തക്കൊസ്തുനാളിനെ മുന്നമേ ദർശിച്ച് ദൈവം തന്റെ ഉദ്ദേശം യെഹെസ്ക്കേൽ 36:27ൽ പ്രഖ്യാപിച്ചു. ''ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വാക്കുകളെ പ്രമാണിച്ച് അനുഷ്ഠിക്കും''. പാപലോകത്തിൽ മനുഷ്യന് അനീതിയോടുള്ള ചായ്‌വിൽ നിന്നും നീതിയോടെ ജീവിക്കുവാൻ ദൈവം തന്റെ ആത്മാവിനെ ഏല്പിച്ചുതന്നു. ആ ദിവസത്തെക്കുറിച്ച് അവിടുന്ന് വീണ്ടും പറഞ്ഞത് ''ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും'' (യോവേൽ 2:28).

### അവിടുത്തെ വാസസ്ഥലം

പഴയ നിയമകാലത്ത് ദൈവവും മനുഷ്യനുമായുള്ള ആത്മീയ കൂട്ടായ്മ ആദ്യം സമാഗമന കൂടാരത്തിലും പിന്നീട് ദേവാലയങ്ങളിലും ആയിരുന്നു. ഈ കെട്ടിടങ്ങൾ മനുഷ്യനിർമ്മിതമായിരുന്നു. ''അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ലതാനും'' എന്ന് പ്രവാചകൻ പറയുന്നുവല്ലോ. നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം? എന്റെ വിശ്രമസ്ഥലം എത്? എന്ന് കർത്താവ് അരുളിച്ചെയ്യുന്നു (അപ.പ്ര.7:45-50). 1 കൊരിന്ത്യർ 3:16-17 ൽ ഇതിന്റെ ഉത്തരം ഉണ്ട്. ''നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും, ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ, നിങ്ങളും അങ്ങനെതന്നേ''. ദൈവം വിശുദ്ധസ്ഥലത്ത് മാത്രം വസിക്കുന്നതിനാൽ യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നതു വരെയും നമ്മുടെ ശരീരമാകുന്ന ആലയത്തിൽ ദൈവാത്മാവ് വസിക്കുകയില്ല.



**പിതാവിന്റെ വാഗ്ദാനം**

**''എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും''**
**അപ്പൊ. പ്രവൃ. 1:8**

### യേശുക്രിസ്തു വന്നത് ആത്മാവിന് വഴി ഒരുക്കുവാൻ

സ്നാപകയോഹന്നാൻ യേശുവിനെ കണ്ടത് പരിശുദ്ധാത്മാവിനാൽ വരുവാനുള്ള സ്നാനത്തെക്കുറിച്ച് സംസാരിച്ചു ''ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു, അവൻ നിങ്ങളെ പരിശുദ്ധാത്മാവിനാലും തീയിലും സ്നാനം ഏല്പിക്കും (മത്തായി 3:11). ''എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയയ്ക്കും, നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നഗരത്തിൽ പാർക്കുവിൻ'' (ലൂക്കോസ് 24:49). പിതാവ് വാഗ്ദത്തം ചെയ്തത് എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ ദാനത്തെക്കുറിച്ചാണ്.

### എല്ലാവർക്കും നല്കിയിരിക്കുന്നു

ശക്തിയുടെ അതിശയകരമായ ഈ ദാനം ആദ്യമായി പെന്തക്കൊസ്തുനാളിൽ യഹൂദ വിശ്വാസികൾക്കാണ് നല്കിയത്, എന്നാൽ അത് ഭാവിതലമുറയിലെ എല്ലാ ജനങ്ങൾക്കും വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. ''വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ കർത്താവ് വിളിച്ചുവരുത്തുന്ന ദൂരസ്ഥരായ ഏവർക്കും ഉള്ളതല്ലേ''(അ.പ്ര.2:39). പരിശുദ്ധാത്മാവ് യഹൂദന്മാർക്ക് മാത്രമല്ല ജാതികൾക്കും കൂടിയാണ് നല്കിയത്. ''അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കുകയാൽ പത്രോസിനോടു കൂടെ വന്ന പരിഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നതു കണ്ട് വിസ്മയിച്ചു'' (അ.പ്ര.10:45,46). ലോകം എത്രതന്നെ അധമമായാലും വിശ്വാസികൾക്കു പരിശുദ്ധാത്മാവ് ഇപ്പോഴും ലഭ്യമാണ്. ചിലർ ചിന്തിക്കുന്നത് പരിശുദ്ധാത്മാവിനെ നേടുവാനും അല്ലെങ്കിൽ ദൈവത്തിൽ നിന്ന് ഉത്തരം ലഭിക്കുവാനും കഠിനമായി പ്രാർത്ഥിക്കണം എന്നാണ്. ഏറിയ കൂറും അത് വ്യവസ്ഥകൾ പാലിക്കുമ്പോൾ സൗജന്യമായി നല്കുന്ന ദാനമാണ്.

## പരിശുദ്ധാത്മാവിനെ എങ്ങനെ പ്രാപിക്കാം




പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ ഒരുവൻ എന്ത്ചെയ്യണം? ''നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും'' (അ.പ്ര.2:38). പാപസംബന്ധമായി മനം തിരിഞ്ഞവരിലേയ്ക്കാകുന്നു പരിശുദ്ധാത്മാവ് വരുക. പരിശുദ്ധാത്മാവിനാൽ നിറയുക എന്നത് യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുന്നവർക്ക് (അ.പ്ര.5:32) ലഭിക്കുന്നതാണ്. ശുദ്ധമായ ഹൃദയത്തെ പരിശുദ്ധാത്മാവ് നിറയ്ക്കുന്നതുപോലെ തന്നെ ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ട ഒരു ജീവിതത്തിൽ മാത്രമേ ആത്മസ്നാനവും നല്കുകയുള്ളൂ. ''ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ'' (റോമർ 12:1). പഴയനിയമത്തിൽ യാഗപീഠത്തിന്മേൽ വയ്ക്കുന്ന യാഗവസ്തു അഗ്നി ദഹിപ്പിക്കുന്നതുപോലെ പരിശുദ്ധാത്മാവാകുന്ന അഗ്നി ദൈവഹിതപ്രകാരമുള്ള ആവശ്യങ്ങൾക്ക് സമ്പൂർണ്ണമായി വേർതിരിക്കപ്പെട്ട വ്യക്തിയിലേക്ക് വരുന്നു. മാനസാന്തരം, വിശ്വാസം, അനുസരണം എന്നിവയ്ക്കു പുറമെ ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവിലുള്ള സ്നാനം ലഭിക്കുന്നു.

## രണ്ട് വ്യത്യസ്ത പ്രവർത്തികൾ ഉണ്ട്

പരിശുദ്ധാത്മാവിന്റെ നിറവ് പ്രത്യേകിച്ചും നീതീകരണത്തിന്റെ അനുഭവത്തിൽ നിന്നും ഒരു വ്യത്യസ്തമായ പ്രവർത്തിയാണ്. പ്രവർത്തികളുടെ പുസ്തകത്തിൽ അപ്പൊസ്തലിക സഭയിൽ രക്ഷയുടെ രണ്ട് ഘട്ടത്തിലുള്ള പ്രവർത്തിയെ പിൻതാങ്ങുന്ന വചനങ്ങളാണ് മുൻപ്രസ്താവിച്ചത്. ഫിലിപ്പോസ് കർത്താവിന്റെ വചനം ശമര്യയിൽ പ്രസംഗിച്ചു. അനേകർ ക്രിസ്തുവിൽ വിശ്വസിച്ച് സ്നാനം ഏറ്റു. പത്രോസും യോഹന്നാനും ശമര്യയിൽ വന്നു. ''അവർക്കു പരിശുദ്ധാത്മാവിനെ ലഭിക്കേണ്ടതിന് അവർക്കായി പ്രാർത്ഥിച്ചു'' (അ.പ്ര.8:15). ദൈവം പാപത്തിൽ നിന്ന് അവരെ ആദ്യം രക്ഷിച്ചു. പിന്നീട് പരിശുദ്ധാത്മാവിനാൽ നിറച്ചു. പൗലോസ് എന്ന് പേര് മാറ്റപ്പെട്ട ശൗൽ യേശുവിനെ സ്വീകരിച്ചതിനുശേഷം പിന്നീട് അനന്യാസ് പ്രാർത്ഥിച്ചപ്പോഴാണ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞത്. ഇതുപോലെ തന്നെ കൊർന്നെല്ല്യോസിന്റെ ഭവനക്കാരും (അ.പ്ര.10) എഫേസോസിലെ ശിഷ്യന്മാരും (അ.പ്ര.19) പരിശുദ്ധാത്മാവിനാൽ നിറഞ്ഞത് മാനസാന്തരത്തിനുശേഷം മറ്റൊരു സമയത്ത് ആയിരുന്നു.

## തരണം ചെയ്യുവാനുള്ള ശക്തി പരിശുദ്ധാത്മാവ് നൽകുന്നു.

മാനസാന്തരപ്പെട്ട ജീവിതത്തിന് അടിസ്ഥാനപരമായ മാറ്റം നൽകുകയാണ് പരിശുദ്ധാത്മാവിനുള്ള വിവിധ ധർമ്മങ്ങളിൽ ഒന്ന്. പ്രധാനമായും ക്രിസ്തുവിന്റെ വാക്കുകളിൽ പരിശുദ്ധാത്മാവ് നൽകുന്ന ശക്തി പാപം ഇല്ലാതെ ജീവിക്കുവാനും സ്വയം, ജഡം ഇവയെ ജയിച്ച് ദൈവവചനപ്രകാരമുള്ള ജീവിതം നയിക്കുവാനുള്ളതുമാകുന്നു. ''എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും'' (അ.പ്ര.1:8). പരിശുദ്ധാത്മാവ് ബലഹീനതയിൽ ബലം നൽകുന്നു, പരിശോധനയിൽ കൃപ നൽകുന്നു, പരാജയമുഖത്ത് വിജയം നൽകുന്നു. നീതീകരിക്കപ്പെട്ടവർ പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിക്കപ്പെടുന്നു'' (റോമർ 15:15). അവർ വേർപെട്ട് അർപ്പണത്തോടെ ദൈവശക്തിയാൽ വിശുദ്ധരാകുന്നു. അവരുടെ ഹൃദയം ആത്മാവിനാൽ ശുദ്ധീകരിക്കപ്പെടുന്നു (അ.പ്ര.15:9). പരിശുദ്ധാത്മ ശക്തിയാൽ ജഡത്തിന്റെ സ്വഭാവികമായ ഇഷ്ടത്തെ ബന്ധിച്ച് പിശാചിനോട് ''ഇല്ല'' എന്നും ദൈവത്തിനോട് ''ഉവ്വ്'' എന്നും പറയുവാനും കഴിയും.

## പരിശുദ്ധാത്മാവിന്റെ മറ്റ് ധർമ്മങ്ങൾ

പരിശുദ്ധാത്മാവ് ആശ്വാസപ്രദനും ഉപദേഷ്ടാവുമാണ് (യോഹന്നാൻ. 14:26). അവിടുന്ന് തന്റെ ജനത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു (1 കൊരിന്ത്യർ 12:4–11). ''ദൈവത്തിന്റെ സ്നേഹം നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകരപ്പെട്ടിരിക്കുന്നു (റോമർ 5:5). ദൈവത്തിന്റെ ആത്മാവ് യഥാർത്ഥ ദൈവജനത്തെ ഒന്നാക്കുന്നു (എബ്രായർ 2:11). പരിശുദ്ധാത്മാവ് ജീവനും, ഉത്സാഹവും, ലക്ഷ്യവും നല്കുന്നു. ''അക്ഷരം കൊല്ലുന്നു ആത്മാവോ ജീവിപ്പിക്കുന്നു'' (2 കൊരിന്ത്യർ 3:6). പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരുടെ ജീവിതത്തിൽ സ്തുതിയും വിശുദ്ധിയും സത്യആരാധനയും ഉണ്ടായിരിക്കും.

## പരിശുദ്ധാത്മാവിന്റെ ലക്ഷണം

പരിശുദ്ധാത്മാവിൽ നിറയുന്നത് വിശ്വാസത്തിന്റെ പ്രവർത്തിയാണ്. അല്ലാതെ അത് എപ്പോഴും വലിയ പ്രകടനങ്ങളാലോ വികാരങ്ങളാലോ വരുന്നതല്ല. ''നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു'' (റോമർ 8:16). അനേകം വ്യാജഉപദേഷ്ടാക്കന്മാർ പറയുന്നത് ഗ്രഹിക്കുവാൻ പ്രയാസമായ സ്വർഗ്ഗീയ ഭാഷയിൽ സംസാരിക്കുന്നാണ് പരിശുദ്ധാത്മാവിന്റെ ലക്ഷണം എന്നാണ്. പരിശുദ്ധാത്മാവിന്റെ തെളിവായി ഏതാണ്ട് ദൈവവചനം പറയുന്നത് ''ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം'' എന്നിവയാണ് (ഗലാത്യർ 5:22). വിശുദ്ധജീവിതം നയിക്കുവാനുള്ള ശക്തിയാണ് യഥാർത്ഥ പരിശുദ്ധാത്മ ലക്ഷണം.

## പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ഒരു ജയാളി ആകുന്നു.

ദൈവരാജ്യത്തിന്റെ നിറവും സമ്പുഷ്ടിയും ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാലുള്ള സന്തോഷവുമാണ് (റോമർ 14:17). അനേകം ക്രിസ്ത്യാനികളും അവരുടെ അനുഭവങ്ങളാൽ ബദ്ധപ്പെടുന്നവരാണ്. അവരുടെ ആത്മാവ് ദൈവേഷ്ടം നിറവേറ്റാൻ ഒരുക്കമാണെങ്കിലും ജഡം അനുവദിക്കുന്നില്ല. കൂട്ടായ്മയിലും വ്യക്തികളുടെ ജീവിതത്തിലെ അനേകം പ്രശ്നങ്ങൾക്കും ഉത്തരം ഉള്ളിൽ വസിക്കുന്ന ആത്മാവാണ്. താഴ്മയോടും വിശ്വാസത്തോടും ഒരുവൻ ചോദിക്കുകയേ വേണ്ടൂ പിതാവ് പരിശുദ്ധാത്മാവിനെ അധികമായി കൊടുക്കും (ലൂക്കോസ് 11:11-13).

MWS

---

## ചോദ്യവും ഉത്തരവും

**ചോദ്യം** : ഒരുവൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടതിനുശേഷം അയാൾ മാനുഷികമായ ബലഹീനതയിൽ നിന്നും പരീക്ഷയിൽ നിന്നും മുക്തനാണോ?

**ഉത്തരം** : അല്ല. നാം ജീവിക്കുന്ന കാലമെല്ലാം ജഡത്തിന്റെ ബലഹീനതയും പരീക്ഷയും ഉണ്ടാകും. പരിശുദ്ധാത്മാവിനാൽ പരീക്ഷകളെ അതിജീവിക്കുവാൻ ദൈവീകമായ വലിയശക്തി ഉള്ളതാണ് വ്യത്യാസം. അപ്പൊസ്തലനായ പൗലോസ്, 1 കൊരിന്ത്യർ 9:27ൽ മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത് എന്നാണ് പറയുന്നത്. നാം നിരന്തരം സ്വയത്തിൽ മരിക്കുകയും ദൈവത്തിന് സമർപ്പിക്കുകയുമാണ് വേണ്ടത്. കർത്താവിനു കീഴടങ്ങുവാൻ നാം പരാജയപ്പെട്ടാൽ രക്ഷപോലും നഷ്ടമാകും. ഈ ജീവിതത്തിൽ മനുഷ്യൻ സ്വതന്ത്രഇച്ഛയോടുകൂടിയവർ ആയതിനാൽ എല്ലായ്പ്പോഴും പാപം ചെയ്യുവാനുള്ള സാമർത്ഥ്യം വളരെയാണ്.



## കൃപയിൽ വളരുക

പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുമുൻപ് ഒരുവന്റെ ഇഷ്ടം പാപത്തിനോട് ആയിരിക്കും. പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരണത്തിനുശേഷം അവന്റെ ഇഷ്ടം വിശുദ്ധിയോട് ആയിത്തീരുന്നു. നമ്മുടെ ആത്മീക യാത്ര നിരന്തരമായി പരിശുദ്ധാത്മാവിനാൽ സജ്ജമാക്കി ദൈവീകകാര്യങ്ങളിൽ വളരുക. ''കൃപയിലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുക (2 പത്രോസ് 3:18). നമ്മുടെ മനുഷ്യപ്രകൃതിയിൽ പരിശുദ്ധാത്മാവ് പൂർണ്ണത വരുത്തുന്ന മേഖലകൾ എപ്പോഴും ഉണ്ടാകും. പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരുടെ അതുല്യമായ വ്യക്തിത്വങ്ങൾ ആത്മാവ് കൂടുതൽ ക്രിസ്തുവിന്റെ ഛായയിലേക്ക് കൊണ്ടുവരുന്നു. ദൈവഹിതത്തോട് സമാനമായ ലക്ഷ്യവും ആഗ്രഹവും ഉണ്ടാകുന്നു. ദൈവത്തിന്റെ വിശുദ്ധന്മാർക്കു പാപമില്ലാത്തതും വിശുദ്ധവുമായ ജീവിതം നയിക്കുവാൻ കഴിയും.

മാനുഷികമായ തെറ്റുകൾ വളർച്ചയുടെ ഈ യാത്രയിൽ ഉണ്ടാകും. പക്ഷേ ഹൃദയം ദൈവമുമ്പാകെ പൂർണ്ണമായിരിക്കുവാൻ കഴിയും. വലിയ ആത്മീയ വളർച്ചയിലേക്ക് ഉയർത്തുവാൻ ആത്മാവ് പ്രവർത്തിക്കുന്ന മേഖലകൾ എപ്പോഴും ഉണ്ടായിരിക്കും.

MWS

Printed matter only
**MALAYALAM EDITION**






ശിഷ്യന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അന്യ ഭാഷകളിൽ സംസാരിച്ചപ്പോൾ, അവർ സംസാരിച്ചതു ഗ്രഹിക്കുവാൻ പ്രയാസമുള്ള സ്വർഗ്ഗീയഭാഷ അല്ലായിരുന്നു. അവർ സംസാരിച്ചത് മറ്റ് ദേശങ്ങളിലെ വിവിധ ഭാഷകൾ ആയിരുന്നു. "ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതുകേട്ട് അമ്പരന്നുപോയി" (അ.പ്ര.2:6).

ശിഷ്യന്മാർ സംസാരിച്ച ഭാഷകൾ നേരത്തെ അവർക്ക് അറിയാത്തത് ആയിരുന്നതിനാൽ ഈ 'ഭാഷാവരം' അത്ഭുതകരമായിരുന്നു. അത് സുവിശേഷം കൂടുതൽ വ്യാപിക്കുവാനും രക്ഷ എല്ലാവർക്കും ദാനം ആകുന്നു എന്ന് ഉറപ്പിക്കുവാനും സാധിച്ചു.

if Undelivered
Please return to:


***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.




## പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല

അന്നുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല - യോഹന്നാൻ 6:66.

യേശു, അഭിഷിക്തനായ ദൈവപുത്രൻ, ലോകത്തിലെ ശുശ്രൂഷയിൽ വളരെ തിരസ്കരണം അനുഭവിച്ചു. ചിലർ അവനെ സ്വീകരിച്ചില്ല എന്നുമാത്രമല്ല ഒരിക്കൽ അവനെ അനുഗമിച്ച് അവനിൽ നിന്നും പഠിച്ച ശിഷ്യന്മാർ പോലും പിൻവാങ്ങിപ്പോയി. അവർ അവനോട് സഹകരിക്കുകയോ മശിഹാ എന്ന് അവനെ മനസ്സിലാക്കുകയോ ചെയ്തില്ല.

പലരും സുവിശേഷത്തിന്റെ ഉപദേശത്തെ എതിർത്തു. ജഡീക ചിന്തകൾ കാരണം ജീവിതം സത്യത്തിന്റെ നിർമ്മലതയാൽ പരിശോധിക്കുവാൻ അവർ ഒരുക്കമല്ലായിരുന്നു. തന്നെത്താൻ ത്യജിച്ച് പൂർണ്ണഹൃദയത്തോടെ കർത്താവിനെ അനുഗമിക്കുവാൻ അവർ തയ്യാറല്ലായിരുന്നു. ഇത് തീർച്ചയായും യേശുവിനെ വേദനിപ്പിച്ചിരിക്കാം. സ്വർഗ്ഗീയമഹിമകളെ വെടിഞ്ഞ് തന്നെത്താൻ ത്യജിച്ച് ഈ ലോകത്തിലേയ്ക്ക് യേശു വന്നത് തന്റെ വലിയ സ്നേഹം മൂലമാണ്.



ക്രിസ്തുവിന്റെ കാലത്തെപ്പോലെ തന്നെ യഥാർത്ഥ സുവിശേഷ വേലക്കാരെ സംബന്ധിച്ച് ഇത് ഇന്നും സത്യമാണ്. നിങ്ങളുടെ ശുശ്രൂഷയും സമർപ്പണവും സ്നേഹവും തള്ളിക്കളയുന്ന ആളുകൾ ഉണ്ടാകാം. അവർ സത്യത്തെ എതിർക്കുകയും, ചിലർ കൂട്ടായ്മയിൽ സഹകരിക്കാതെയും വരാം. ജനങ്ങൾ സാധാരണ അവരുടെ ജീവിതത്തിൽ ദൈവം ഇടപെടുന്നത് തിരിച്ചറിയാതെ ശുശ്രൂഷകനെയും കൂട്ടായ്മയെയും കുറ്റപ്പെടുത്തുന്നു. അത് കർത്താവിന്റെ ഇടയന്മാരുടെ ഹൃദയത്തെ ആഴമായി വേദനിപ്പിക്കും. വലിയ വലിയ ജനക്കൂട്ടത്തിനായി പ്രാണനെ തൃപ്തിപ്പെടുത്തുന്ന വിട്ടുവീഴ്ചകൾക്ക് തയ്യാറാകാതെ വിശ്വസ്തരായിരിക്കുക. പൂർണ്ണമായ സത്യം താഴ്മയോടും സ്നേഹത്തോടും നീതിപൂർവ്വവും പ്രസംഗിക്കുക.

നിങ്ങൾ ദൈവത്തെ പ്രസാദിപ്പിച്ചാൽ അർഹിക്കുന്ന എല്ലാവരെയും പ്രസാദിപ്പിക്കുവാൻ നിങ്ങൾക്കും കഴിയും എന്ന് സഹോദരൻ ഓസ്റ്റീസ് വിൽസൺ പറയുമായിരുന്നു.

MWS




Chief Editor **Michael W. Smith**
Malayalam Editor: **Mathew Joseph**
Asst. Editor **Baby Mathew**
Publisher: **Biju J. Varghese**